(ജി) പിന്നോക്കക്കാർക്കായുള്ള തൊഴിൽദാന പദ്ധതി പ്രകാരം ഈ വർഷം ഇതുവരെ എത്ര തുക ചെലവായിയെന്ന് വ്യക്തമാക്കാമോ;

(എച്ച്) ഈ പദ്ധതിയിൽനിന്ന് ഇതിനുവേണ്ടി നാളിതുവരെ എന്തു തുക ചെലവായിയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആകെ 78·61 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്ന പദ്ധതികളാണ് പരിഗണനയിലുള്ളത്.

(ബി) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും ഈ സാമ്പത്തിക വർഷം ധനസഹായം ഒന്നും ലഭിച്ചിട്ടില്ല.

(സി) ഹഡ്കോയിൽ നിന്നും ഇതിനായി സാമ്പത്തികസഹായമൊന്നും ലഭിച്ചിട്ടില്ല.

(ഡി) ഈ സാമ്പത്തിക വർഷം ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുള്ള 52 പദ്ധതികൾക്ക് കണക്കാക്കിയിരിക്കുന്ന സംസ്ഥാന സർക്കാരിന്റെ വിഹിതം 7·86 കോടി രൂപയാണ്. ഇതര ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തുകയൊന്നും ലഭിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ഉദ്യോഗസംവരണത്തിനായുള്ള മറ്റു പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇപ്പോൾ 76 സമുദായങ്ങളുണ്ട്.

(എഫ്) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

(ജി, എച്ച്) ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്നും 1995 മാർച്ച് മാസത്തിൽ ലഭിച്ച 5·45 കോടി രൂപയും സംസ്ഥാന സർക്കാർ വിഹിതവും ചേർത്ത് 6·31 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

സ്വയം തൊഴിലിനായി പിന്നോക്ക സമുദായ കോർപ്പറേഷൻ സ്വീകരിച്ച അപേക്ഷകൾ

79 [1679] ശ്രീ. കെ. പി. മമ്മു മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക പട്ടികജാതി-സമുദായ ക്ഷേമ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗക്ഷേമ കോർപ്പറേഷൻ നിലവിൽ വന്നതിനു ശേഷം ക്ഷേമ പദ്ധതികൾ നടപ്പാക്കിയത് മൂലം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സ്വയം തൊഴിൽ പദ്ധതിക്കായി കോർപ്പറേഷൻവഴി എന്തു തുകയാണ് വിതരണം ചെയ്തത്; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) സ്വയം തൊഴിലിനായി പിന്നോക്ക വിഭാഗ കമ്മീഷൻ ഏറ്റവും അവസാനമായി എന്നാണ് അപേക്ഷ ക്ഷണിച്ചത്; അതിൻമേൽ എന്തു നടപടി സ്വീകരിച്ചു; എത്ര അപേക്ഷകളാണ് ഇപ്രകാരം ലഭിച്ചത്; ഈ അപേക്ഷകരിൽ ആർക്കെങ്കിലും സ്വയം തൊഴിലിന് വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ സ്വയംതൊഴിൽ പദ്ധതികളിലൂടെ 1253 പേർക്ക് തൊഴിൽ ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 6.31 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കോർപ്പറേഷൻ 31-12-1995-ാം തീയതി അപേക്ഷ ലഭിക്കേണ്ട അവസാന തീയതിയായി ആദ്യം അപേക്ഷ ക്ഷണിച്ചിരുന്നു. പിന്നീട് 15-2-1996 അവസാന തീയതിയായി 5 പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് പതിനയ്യായിരത്തോളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ലഭിച്ചിട്ടുള്ള അപേക്ഷകളിൽനിന്നും വായ്പ അനുവദിക്കുന്നതിനായി അർഹരായ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി ഓരോ പദ്ധതിയുടെയും വിശദമായ പ്രോജക്ട് റിപ്പോർട്ടിനോടൊപ്പം ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന് അയച്ചുകൊടുത്തിട്ടുണ്ട്. ഈ അപേക്ഷകരിൽനിന്നും ആർക്കും ഇതുവരെ വായ്പ അനുവദിച്ചിട്ടില്ല.

ഗിരിജനങ്ങൾക്കായി തൊഴിലവസരങ്ങൾ

80 [1680] ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗിരിജനങ്ങൾക്കായി തൊഴിലധിഷ്ഠിത പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം വിഷയങ്ങളിലാണ് ഇവിടെ പരിശീലനം നൽകുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതുവരെ എത്ര പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഗിരിജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാന ഫാമിംഗ് കോർപ്പറേഷൻ ഈ വർഷം എന്തെല്ലാം പുതിയ വ്യവസായങ്ങൾ തുടങ്ങിയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതുമൂലം എത്ര ഗിരിജനങ്ങൾക്ക് തൊഴിൽ ലഭിച്ചു;

(ജി) ഇതിനുവേണ്ടി ഏതെല്ലാം വ്യവസായങ്ങൾ എവിടെയെല്ലാം തുടങ്ങിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ പെട്ടിയാംപാറയിൽ.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly